**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.872** **13.06.2012 ൽ മറുപടിയ്ക്ക്**

**യുവജന നയം**

**ചോദ്യം**

**ശ്രീ. പി.ശ്രീരാമകൃഷ്ണൻ**
**ശ്രീമതി. കെ.കെ.ലതിക**
**ശ്രീ. എ.എം. ആരിഫ്**
**ശ്രീ. ബാബു.എം. പാലിശ്ശേരി**

**മറുപടി**

**ശ്രീമതി. പി.കെ. ജയലക്ഷ്മി**
**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

**(എ)** സംസ്ഥാന സർക്കാർ യുവജന നയം രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ;

**(ബി)** പ്രസ്തുത യുവജന നയം നടപ്പിലാക്കുന്നതിനായി എത്ര തുകയാണ് ബജറ്റിൽ നീക്കി വച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; എന്തൊക്കെ പരിപാടികളാണ് ആവിഷ്ക്കരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ;

**(എ) & (ബി)** യുവജനങ്ങളുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള യുവജന നയത്തിന്റെ കരട് പൂർത്തിയായിട്ടുണ്ട്. കരട് യുവജന നയം സംപുഷ്ടമാക്കുന്നതിനായി ജനപ്രതിനിധികൾ, യുവജനസംഘടനാ പ്രതിനിധികൾ, യുവജന പ്രതിനിധികൾ, വിദഗ്ധർ, വിവിധ രംഗങ്ങളിലെ പ്രമുഖർ, വിദ്യാർത്ഥി സംഘടനകൾ തുടങ്ങിയവരുടെ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനായി ചർച്ചകൾ, ശില്പശാലകൾ, തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു. കരട് യുവജന നയം ചർച്ച ചെയ്യുന്നതിനായി യുവ എം.എൽ.എ മാരുടെയും. യുവരാഷ്ട്രീയ പാർട്ടി നേതാക്കന്മാരുടെയും ഒരു യോഗം 05.06.2012 ൽ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൌസിൽ വച്ച് നടത്തുകയുണ്ടായി. തുടർ ചർച്ചകളും താമസംവിനാ സംഘടിപ്പിക്കുന്നതാണ്. യുവജന നയം നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രത്യേകം തുക നീക്കി വച്ചിട്ടില്ല.

**(സി)** യൂത്ത് കമ്മീഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;എങ്കിൽ വിശദമാക്കാമോ?

**(സി)** യൂത്ത് കമ്മീഷന്റെ ചെയർ പേഴ്സണായി ഡോ.സിന്ധു ജോയിയെ നാമ നിർദ്ദേശം ചെയ്തിട്ടുണ്ട്. തുടർന്ന് കമ്മീഷന്റെ പ്രവർത്തനം ത്വരിതമാക്കാനായി ഒരു സ്പെഷ്യൽ ഓഫീസറെയും നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന യൂത്ത് കമ്മീഷൻ ബില്ലിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ